10720

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്- നെന്മാറ ഡിവിഷൻ, ആലത്തൂർ ഫോറസ്റ്റ് റെയിഞ്ച്, പുഴക്കലിടം സെക്ഷനിൽ നിന്നും പലജാതി മരങ്ങൾ മുറിച്ച് കടത്താൻ ശ്രമിച്ചതിന് രജിസ്റ്റർ ചെയ്ത ഒ.ആർ.19/97 നമ്പർ കേസ് യഥാസമയം അന്വേഷിക്കാതെ സർക്കാർ നഷ്ടം വരുത്തിയതു സംബന്ധിച്ച അച്ചടക്കനടപടി സർവ്വശ്രീ. കെ.എ.അബ്ദുൾ റഹ്മാൻ, റെയിഞ്ച് ഓഫീസർ (റിട്ട), സി.അരുൺ കുമാർ, ജൂനിയർ സൂപ്രണ്ട് എന്നവർ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.175/2017/വനം തീയതി, തിരുവനന്തപുരം, 05.05.2017

---

പരാമർശം:- 1) 07.11.2012 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്രോജക്റ്റ് ഡെവലപ്മെന്റ്) റുടെ ബി7-14844/04 നമ്പർ ഉത്തരവ്

2) 02.02.2015 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി7-14844/2004 നമ്പർ ഉത്തരവ്

3) 02.06.2015 തീയതിയായി ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, റെയിഞ്ച് ഓഫീസർ (റിട്ട), 30.05.2015 തീയതിയായി ശ്രീ.സി.അരുൺ കുമാർ, ജൂനിയർ സൂപ്രണ്ട് എന്നിവർ സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജികൾ

## ഉത്തരവ്

നെന്മാറ ഡിവിഷൻ, ആലത്തൂർ ഫോറസ്റ്റ് റെയിഞ്ച് പുഴക്കലിടം സെക്ഷനിൽ നിന്നും പലജാതി മരങ്ങൾ മുറിച്ച് കടത്താൻ ശ്രമിച്ചതിന് 08.05.1997 ന് മഹസ്സർ തയ്യാറാക്കി ഒ.ആർ.19/97 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരുന്നു. ടി കേസ് യഥാസമയം കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും തൊണ്ടി വിറ്റഴിക്കുന്നതിനും നടപടി സ്വീകരിക്കാതിരുന്നതു മൂലം 95,725/- രൂപയുടെ സർക്കാർ നഷ്ടം വരുത്തിയതിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, എസ്.ഉണ്ണികൃഷ്ണൻ. കെ.ആർ.ഷെല്ലി, ടി.മോഹൻദാസ്. ക്ലാർക്കുമാരായ സർവ്വശ്രീ.എ.എസ്.സാബു, സി.അരുൺകുമാർ, ഇ.വി.ഷൗക്കത്തലി, എസ്.സന്തോഷ് കുമാർ, ബി.ശ്യാമളദാസ് എന്നിവർക്ക് ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ആരോപിച്ച് കഠിനശിക്ഷയുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

(i) ആലത്തൂർ റെയിഞ്ചിലെ ഒ.ആർ.19/97 എന്ന കേസിന്റെ അന്വേഷണം 1999 ൽ പൂർത്തിയായെങ്കിലും അത് ബഹു.കോടതിയിൽ യഥാസമയം ചാർജ്ജ് ചെയ്ത് തുടർ നടപടി സ്വീകരിച്ചില്ല

(ii) ഈ കേസിൽ സർക്കാരിന് 53,225/- രൂപയുടെ നഷ്ടം സംഭവിച്ചു. 42,500/- രൂപ വില നിശ്ചയിച്ചിട്ടുള്ള തൊണ്ടി തടികൾ ഇതുവരെ ലേലം ചെയ്ത് സർക്കാർ മുതൽ കൂട്ടിയില്ല. ടി സർക്കാർ നഷ്ടവും തൊണ്ടി തടിയുടെ വിലയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(iii) വളരെ ഗുരുതരമായ ഈ കുറ്റകൃത്യം വളരെ ലാഘവത്തോടും അലക്ഷ്യമായും

നിരുത്തരവാദപരവുമായിട്ടാണ് റെയിഞ്ച് ഫോറസ്റ്റാഫീസർമാരും ക്ലാർക്കുമാരും കൈകാര്യം ചെയ്തത്.

2. ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.ടി.മോഹൻദാസ്, എസ്.ഉണ്ണികൃഷ്ണൻ എന്നിവരെ കേസിൽ നിന്നും ഒഴിവാക്കി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ ഉത്തരവാകുകയും തുടർന്ന് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥനത്തിൽ റിട്ടയേർഡ് റെയിഞ്ച് ഓഫീസർ ശ്രീ.കെ.ആർ.ഷെല്ലി, ടി.മോഹൻദാസ്, ശ്രീ.സന്തോഷ് കുമാർ, ശ്രീ.ഇ.വി.ഷൗക്കത്തലി, ശ്രീ.എ.എസ്.സാബു എൽ.ഡി.ക്ലാർക്കായിരുന്ന ബി.ശ്യാമളദാസ് എന്നിവരെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ആകെ സർക്കാർ നഷ്ടമായ 95,725/- രൂപ (സർക്കാർ നഷ്ടം 53,225/-രൂപ+തൊണ്ടിയുടെ വില 42,500/- രൂപ) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ.സി.അരുൺകുമാർ എന്നിവരിൽ നിന്നും അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി യഥാക്രമം 58,478/- രൂപ, 37247/- രൂപ വീതം വസൂലാക്കുന്നതിനും ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, ആലത്തൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ ഒ.ആർ.19/97 എന്ന കേസിന്റെ അന്വേഷണം പൂർത്തീകരിക്കാൻ ശ്രദ്ധിക്കുകയോ, തൊണ്ടി വർക്കഡൗൺ ചെയ്യുവാൻ അടങ്കൽ നൽകുകയോ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനാൽ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 58,478/- രൂപ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിനും ശ്രീ.സി.അരുൺകുമാർ 15.11.2011 ൽ നൽകിയ മൊഴിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ടിയാൻ ആലത്തൂർ റെയിഞ്ചിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ടി കേസിന്റെ ഫോറം 2 റിപ്പോർട്ട് ലഭ്യമാക്കി സമർപ്പിക്കുന്നതിനോ കോടതിയുടെ അനുമതിയോടെ തൊണ്ടി വിൽക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനാൽ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 37,247/- രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

3. മേൽ ഉത്തരവിനെതിരെ ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, ശ്രീ.അരുൺ കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് പരാമർശം (2) പ്രകാരം നിരസിച്ചിരുന്നു.

4. ടി ഉത്തരവിനെതിരെ ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ, ശ്രീ.അരുൺകുമാർ എന്നിവർ പരാമർശം (3) പ്രകാരം സർക്കാരിൽ പ്രത്യേകം റിവ്യൂ ഹർജികൾ സമർപ്പിച്ചിരുന്നു. ആയതിന്മേൽ അഭിപ്രായം രേഖപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ടിയാന്മാർ അപ്പീലിലും, പ്രതിവാദ പത്രികയിലും ഉന്നയിച്ചിട്ടുള്ളത് ഒരേ കാരണങ്ങളാണ് എന്നും സർക്കാർ നഷ്ടം മാത്രമേ ടിയാന്മാരിൽ നിന്നും ഈടാക്കാൻ തീരുമാനിച്ചിരുന്നുള്ളൂ എന്നും ആയതിനാൽ ശ്രീ.അരുൺകുമാർ, ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ എന്നിവർ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

5. നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സി.അരുൺകുമാർ, ജൂനിയർ സൂപ്രണ്ട്, ശ്രീ.അബ്ദുൾ റഹ്മാൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി.

6. നേരിൽ കേട്ട സമയത്ത് ശ്രീ.അബ്ദുൾ റഹ്മാൻ ഉന്നയിച്ച വാദമുഖങ്ങൾ ചുവടെ ചേർക്കുന്നു.

ഒ.ആർ. നം.19/97 കേസ് രജിസ്റ്റർ ചെയ്ത 08.05.1997 ൽ ആലത്തൂർ റേഞ്ച് ഓഫീസർ ശ്രീ.എം.കെ.കരുണാകരനായിരുന്നു. തൊണ്ടിത്തടിയിൽ ഭൂരിഭാഗവും സോഫ്റ്റ് വുഡ് ഇനത്തിൽപ്പെട്ടതാകയാൽ ഉടനടി ലേലത്തിൽ വിൽക്കുവാനുള്ള അനുവാദത്തിനായി കോടതിയെ സമീപിക്കേണ്ടതായിരുന്നു. ശ്രീ.എം.കെ.കരുണാകരൻ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. 2 മാസത്തിനുശേഷം 03.07.1997 ലാണ് സെക്ഷനിൽ ചാർജ്ജെടുത്തത്. തൊണ്ടിത്തടികളുടെ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിന്റെ ഉത്തരവാദിത്വം പുഴക്കലിടം സെക്ഷൻ സ്റ്റാഫിനായിരുന്നു. സോഫ്റ്റ് വുഡ് ഇനത്തിൽപ്പെട്ട തൊണ്ടിത്തടികൾ ഉടനടി വർക്ക് ഡൗൺ ചെയ്ത് ലേലത്തിൽ വിറ്റാൽ മാത്രമേ സർക്കാരിനു വില കിട്ടുമായിരുന്നുള്ളുവെന്നും ആയതിനു വേണ്ടുന്ന റിപ്പോർട്ട് പുഴക്കലിടം സെക്ഷൻ സ്റ്റാഫ് ലഭ്യമാക്കിയിട്ടില്ല എന്നും ശ്രീ.അബ്ദുൾ റഹ്മാൻ അറിയിച്ചു. ഒ.ആർ.നം19/97 ന്റെ അന്വേഷണം പൂർത്തിയാക്കി കരട് കുറ്റപത്രം (ഫോറം 2) 10.12.1999 ൽ അംഗീകാരത്തിനായി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും, കൂടുതൽ അന്വേഷണം നടത്തി ടി ഫോറം മടക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ആയത് 30.12.1999 ൽ മടക്കി നൽകിയെന്നും, തുടർന്ന് 10.04.2000 ൽ റേഞ്ചിന്റെ ചാർജ്ജ് വിട്ട് പോയതായും ശ്രീ.അബ്ദുൾ റഹ്മാൻ ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് പിൻഗാമിയായ ശ്രീ.എസ്.ഉണ്ണികൃഷ്ണൻ അന്വേഷണം നടത്തി 2 വർഷങ്ങൾക്ക് ശേഷം 05.01.2002 ൽ ചാർജ്ജ് ഷീറ്റിന്റെ കരട് തയ്യാറാക്കി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതായും എന്നാൽ ടി കേസിന് പ്രോസിക്യൂഷൻ സാംങ്ഷൻ ലഭിച്ചോ എന്ന് അറിയില്ലെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ തൊണ്ടിവിലയായ 42,500/- രൂപ ഉൾപ്പെടെയുള്ള മഹസ്സർ നഷ്ടമാണ് 53,225/- രൂപയെന്നും എന്നാൽ മൊത്തം സർക്കാർ നഷ്ടം 95,725/- രൂപയാണെന്ന് കണക്കാക്കിയിരിക്കുന്നത് സാങ്കേതികപരമായും നിയമപരമായും തെറ്റാണെന്നും അറിയിക്കുകയുണ്ടായി.

7. ശ്രീ.സി.അരുൺകുമാർ ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദമുഖങ്ങൾ ഇവയാണ്.

15.05.1995 മുതൽ 08.06.1998 വരെ ആലത്തൂർ റേഞ്ചിൽ ജോലിയിലുണ്ടായിരുന്നു. ഒ.ആർ നം.19/97 കേസ് 08.05.1997 ൽ രജിസ്റ്റർ ചെയ്ത ശേഷം കേസിലെ പ്രതിക്ക് റേഞ്ച് ഓഫീസറുടെ മുമ്പാകെ ഹാജരാകുന്നതിന് 26.05.1997 ന് തന്നെ നോട്ടീസ് നൽകിയിരുന്നുവെന്നും, തുടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത് അന്നത്തെ റേഞ്ച് ഓഫീസർ ആയ ശ്രീ.എം.കെ.കരുണാകരനായിരുന്നെന്നും എന്നാൽ ടിയാൻ യാതൊരു അന്വേഷണവും നടത്തുകയുണ്ടായില്ലെന്നും എന്നിട്ടും ടിയാനെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കിയെന്നും ശ്രീ.അരുൺകുമാർ ബോധിപ്പിക്കുകയുണ്ടായി. കൂടാതെ തൊണ്ടിത്തടികൾ സുരക്ഷിത സ്ഥാനത്ത് എത്തിക്കുന്നതിനും എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുമായി, 20.06.1997 ൽ പുഴക്കലിടം സെക്ഷൻ ഫോറസ്റ്റർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായില്ലെന്നും കേസ് ചാർജ്ജ് ചെയ്യുന്നതിനും തൊണ്ടി വിൽക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നുവെന്നും, ആയത് പരിശോധിച്ച് ബോധ്യപ്പെട്ട കുറ്റവിമുക്തനാക്കാൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന് ശുപാർശ നൽകുകയുണ്ടായെന്നും ശ്രീ.അരുൺകുമാർ വ്യക്തമാക്കുകയുണ്ടായി. തൊണ്ടി നശിച്ചു പോകാതെ സുരക്ഷിത സ്ഥാനത്ത് സൂക്ഷിക്കേണ്ട ഉത്തരവാദിത്തം പുഴക്കലിടം സെക്ഷൻ

സ്റ്റാഫിനാണെന്നും എന്നാൽ അതിനു വേണ്ടുന്ന യാതൊരു ശ്രമവും സെക്ഷൻ ഫോറസ്റ്ററും സ്റ്റാഫും നടത്തിയിട്ടില്ലായെന്നും എന്നിട്ടും അവർക്കെതിരെ യാതൊരുവിധ ശിക്ഷാനടപടികളും എടുത്തിട്ടില്ലായെന്നും ശ്രീ.അരുൺകുമാർ വാദിക്കുകയുണ്ടായി.

8. ശ്രീ.അരുൺകുമാർ, ശ്രീ.അബ്ദുൾ റഹ്മാൻ എന്നിവർ വ്യക്തമാക്കിയ വസ്തുതകളിന്മേൽ വ്യക്തമായ അഭിപ്രായം ലഭ്യമാക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) നോട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഒ.ആർ 19/97 നമ്പർ കേസ് രജിസ്റ്റർ ചെയ്തത് 08.05.1997 ലാണ്. ശ്രീ.എം.കെ.കരുണാകരൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആലത്തൂർ റേഞ്ചിൽ നിന്നും 03.07.1997 നാണ് വിടുതൽ ചെയ്തത് അതായത് കേസ് രജിസ്റ്റർ ചെയ്ത് 55 ദിവസം കഴിഞ്ഞാണ് കേസ് രജിസ്റ്റർ ചെയ്ത് 45 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണം എന്നുള്ളതാണ് നിയമം. എന്നാൽ ഇത്തരത്തിലുള്ള പല ഒ.ആർ കേസുകളിലും ടി കാലയളവിൽ ഫൈനൽ റിപ്പോർട്ട് ലഭിക്കാറില്ല എന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ റിപ്പോർട്ടിൽ പറയുന്നു.

9. ടി കേസിലെ തൊണ്ടി സോഫ്റ്റ് വുഡ് ഇനത്തിലുള്ളതാകയാൽ സത്വര നടപടികൾ സ്വീകരിച്ച് ലേലത്തിൽ വിൽപന നടത്തേണ്ടതായിരുന്നു. ശ്രീ.എം.കെ.കരുണാകരൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സമയത്ത് ഇത്തരത്തിൽ നടപടികളൊന്നും എടുത്തതായി കാണുന്നില്ല എന്നാണ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ വസ്തുത പരിശോധിക്കുമ്പോൾ ഹിയറിംഗ് വേളയിൽ കുറ്റാരോപിതർ ആരോപിച്ചതുപോലെ ടി കേസ് രജിസ്റ്റർ ചെയ്ത സമയത്തെ റേഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാതെ ടിയാനെ ഒഴിവാക്കിയ ശിക്ഷണാധികാരിയുടെ നടപടി ശരിയാണെന്നു കാണുന്നില്ല.

10. ശ്രീ.അബ്ദുൾ റഹ്മാന് ശേഷം ചാർജ്ജെടുത്ത റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.ഉണ്ണികൃഷ്ണനെ ഫോറം നം.2 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിരുന്നുവെന്ന കാരണത്താൽ അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ 1999 ൽ ചാർജ്ജെടുത്ത ശേഷം 2 വർഷം കഴിഞ്ഞ് 05.01.2002 ൽ ആണ് ശ്രീ.എസ്.ഉണ്ണികൃഷ്ണൻ പോരായ്മകൾ തിരുത്തി ഫോറം നം.2 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ആയതിനാൽ കേസ് കോടതിയിൽ യഥാസമയം ചാർജ്ജ് ചെയ്യുന്നതിൽ വീഴ്ച വരുത്തി എന്ന ആരോപണം ശ്രീ.എസ്.ഉണ്ണികൃഷ്ണനിൽ നിലനിൽക്കുന്നതാണ്. എന്നാൽ ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുകയാണുണ്ടായത്. ഈ ആരോപണത്തിൽ തൃപ്തികരമായ വിശദീകരണം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കിയിട്ടില്ല.

11. തൊണ്ടിത്തടിയുടെ അവസ്ഥ ബോധ്യപ്പെടുത്തി സുരക്ഷിത സ്ഥാനത്ത് എത്തിക്കേണ്ടതിന്റെ ബാധ്യത സെക്ഷൻ സ്റ്റാഫിന് തന്നെയായിരുന്നു. 20.06.1997 ൽ പുഴക്കലിടം സെക്ഷൻ ഫോറസ്റ്റർക്ക് ടി തൊണ്ടി സാധനങ്ങൾ സുരക്ഷിത സ്ഥാനത്തേയ്ക്ക് എത്തിക്കുന്നതിന് ആവശ്യമായ ഫീസ്, ആന, മനുഷ്യൻ എന്നിവർ വലിച്ച് വയ്ക്കാൻ ആവശ്യമുള്ള ദൂരം, നിലവിലുള്ള ലോഡിംഗ് അൺലോഡിംഗ് നിരക്കുകൾ, സാധനങ്ങൾ സൂക്ഷിക്കുവാനുള്ള ഏറ്റവും അടുത്തുള്ള സർക്കാർ സുരക്ഷിത സ്ഥലം എന്നിവ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള കത്ത് സെക്ഷൻ ക്ലാർക്ക് തയ്യാറാക്കുകയും

ആയത് റെയിഞ്ച് ഓഫീസർ ഒപ്പ് വെച്ച് പുഴക്കലിടം സെക്ഷൻ സ്റ്റാഫിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. മാത്രവുമല്ല തൊണ്ടി വിറ്റഴിക്കാൻ നടപടിയെടുക്കാത്തതുമൂലം സർക്കാരിനുണ്ടായ നഷ്ടം 42,500/- രൂപ മാത്രമാണ്, സെക്ഷൻ ക്ലാർക്കായ അരുൺകുമാറിന്റെ ബാധ്യതയായി കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടിയാന് ആകെ നഷ്ടത്തിനു ആനുപാതികമായാണ് ശിക്ഷ ചുമത്തിയിരിക്കുന്നത് എന്നും സർക്കാർ വിലയിരുത്തുന്നു.

12. മേൽ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ കുറ്റാരോപിതരായ ശ്രീ.അരുൺകുമാർ, ജൂനിയർ സൂപ്രണ്ട്, ശ്രീ.അബ്ദുൾ റഹ്മാൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്കെതിരെ തീർത്തും നിക്ഷ്പക്ഷവും സുതാര്യവുമായ, ഒരു ശിക്ഷാവിധിയാണ് നൽകിയതെന്ന് സർക്കാർ കരുതുന്നില്ല. സർവ്വശ്രീ കെ.എ.അബ്ദുൾ റഹ്മാൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), സി.അരുൺകുമാർ, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക 2004 ൽ നൽകിയതിനുശേഷം ഔപചാരികാന്വേഷണം നടത്താതെ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി പൂർത്തിയാക്കിയതിൽ, നടപടി ക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് സർക്കാർ വിലയിരുത്തുന്നു, ആയതിനാൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ഒ.ആർ 19/97 നമ്പർ കേസ് യഥാസമയം അന്വേഷിച്ച് സർക്കാർ നഷ്ടം വരുത്തിയ വിഷയത്തിൽ അച്ചടക്ക നടപടി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) തലത്തിൽ പുനരാരംഭിക്കേണ്ടതും നിലവിലുള്ള ചട്ടങ്ങളിലെ കൃത്യമായ നടപടി ക്രമങ്ങളിലൂടെ, സ്വാഭാവിക നീതി ഉറപ്പ് വരുത്തി ഉടൻ തീർപ്പാക്കേണ്ടതുമാണ്. ഇപ്രകാരം പരാമർശം (3) പ്രകാരമുള്ള റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ കെ.എ.അബ്ദുൾ റഹ്മാൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), } (അഡീഷണൽ
ശ്രീ.സി.അരുൺകുമാർ, ജൂനിയർ സൂപ്രണ്ട് } പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ